**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1204** **10-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ബാലരാമപുരം-വഴിമുക്ക് പാതയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനി പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ ; | (എ) | ബാലരാമപുരം വഴിമുക്ക് റീച്ചിൽ അണ്ടർ പാസ് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി 113.89 കോടി രൂപയുടെ സാമ്പത്തിക അനുമതി 22.06.2023 ൽ നൽകിയിരുന്നു. 05.06.2024 ൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ NH 66 ബൈപാസ് ഗതാഗതയോഗ്യമായ സാഹചര്യത്തിൽ അണ്ടർ പാസിന് പകരം, ജംഗ്ഷൻ നവീകരണം പരിഗണിക്കാമെന്ന് കിഫ്ബി ഉദ്യോഗസ്ഥർ അറിയിച്ചു. യോഗതീരുമാന പ്രകാരം, പുതുക്കിയ DPR തയ്യാറാക്കുവാൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗം ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം പ്രസ്തുത റീച്ചിലെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള സംസ്ഥാനപാത വീതി കൂട്ടുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്ന് വിശദമാക്കാമോ; സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | വഴിമുക്ക്- കളിയിക്കാവിള റീച്ചിന്റെ നവീകരണത്തിന് 01.07.2023-ൽ ഭരണാനുമതി നൽകി. തുടർന്ന് കിഫ്ബിയുടെ ടെക്നിക്കൽ റിസോഴ്സ് സെന്റർ, പദ്ധതികൾക്കായി മുഴുവൻ ഭാഗത്തും 30.2 മീറ്റർ വീതിയിൽ റോഡ് നവീകരണം, അല്ലെങ്കിൽ പ്രധാന ഭാഗങ്ങളിൽ 30.2 മീറ്ററും മറ്റിടങ്ങളിൽ 23 മീറ്റർ വീതിയിലും നവീകരണം എന്നിങ്ങനെ രണ്ട് നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരുന്നു. മുഴുവൻ ഭാഗത്തും 30.2 മീറ്റർ വീതിയിൽ നിർമ്മിക്കണമെന്ന് പ്രദേശത്തെ ജനപ്രതിനിധികളുടെ അഭിപ്രായം കണക്കിലെടുത്ത് കെആർഎഫ്ബി-പിഎംയു കിഫ്ബിയിലേക്ക് നിർദ്ദേശം സമർപ്പിച്ചുവെങ്കിലും സർക്കാർ തലത്തിൽ തീരുമാനമെടുക്കുവാൻ കിഫ്ബി നിർദ്ദേശിക്കുകയായിരുന്നു. തുടർന്ന് 05.06.2024 ൽ പൊതുമരാമത്ത് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുഴുവൻ ഭാഗത്തും കൂടിയ വീതിയിൽ പദ്ധതി നടപ്പിലാകുമ്പോഴുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ചൂണ്ടിക്കാട്ടി, ചില |

| | | | |
|---|---|---|---|
| | | | ഭാഗങ്ങളിൽ കുറഞ്ഞ വീതിയിൽ നിർമ്മിക്കുന്നതാണ് ഉചിതമെന്ന് കിഫ്ബി ഉദ്യാഗസ്ഥർ ചൂണ്ടിക്കാട്ടി. ഇതേ തുടർന്ന് ജനപ്രതിനിധികളുമായി കൂടി ആലോചിച്ച് തീരുമാനം കൈകൊള്ളുവാൻ കേരള റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ അന്തിമ തീരുമായതിന് ശേഷം മറ്റ് നടപടികളിലേക്ക് കടക്കും. |

സെക്ഷൻ ഓഫീസർ